സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 20.11.2023

നമ്പർ. ഇ.എ-2/2069/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് - സ്ഥാപന മേധാവികൾക്ക് വിവരങ്ങൾ വെബ്സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം - സംബന്ധിച്ച്

സൂചന :- 1. 15.11.2014 തീയതിയായുള്ള സർക്കാർ സർക്കുലർ 23406/എ.ആർ. 14(2)/14/ഉ.ഭ.പ.വ.
2. 12.05.2022 തീയതിയയുള്ള സർക്കാർ കത്ത് നം. എ.ആർ. 14(2)/5/ഉ.ഭ.പ.വ.
3. 21.05.2022 ൽ നടന്ന കൺട്രോളിംഗ് ഓഫീസർമാരുടെ മീറ്റിംഗ് തീരുമാനം.

വകുപ്പിൽ നിന്നും ഔദ്യോഗിക ഭാഷ സംബന്ധിച്ചുള്ള മാസവലോകന റിപ്പോർട്ട്, പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധ്യ മാസവലോകന റിപ്പോർട്ട്, പ്രതിമാസ പ്രവർത്തന പത്രിക, സേവനവകാശ റിപ്പോർട്ട് എന്നീ റിപ്പോർട്ടുകൾ മാസം തോറും സർക്കാരിൽ അയക്കേണ്ടതായുണ്ട്. സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ടി റിപ്പോർട്ടുകൾ അയക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഡാറ്റ ശേഖരിക്കുന്നതിന് വെബ് പോർട്ടൽ വഴി ഒരു സൗകര്യം ഒരുക്കിയിട്ടുണ്ട്.

DIS പോർട്ടലിൽ പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് മൊഡ്യൂൾ ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനമേധാവികൾക്ക് 2023 ഒക്ടോബർ മുതലുള്ള ഡാറ്റ http://admissions.dtekerala.gov.in/dis/ എന്ന ലിങ്ക് വഴി നൽകാവുന്നതാണ്. സ്ഥാപനങ്ങളും ഓഫീസുകളും ഈ പോർട്ടലിൽ ഇതിനകം ലോഗിൻ ക്രെഡൻഷ്യലുകൾ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഓഫീസർമാർ പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് മൊഡ്യൂളിലേക്ക് പോയി ഓരോ ടാബിലും എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ് തന്നെ ഡാറ്റ സമർപ്പിക്കേണ്ടതാണ്.

സംശയ നിവാരണത്തിനായി 0471 - 2561 300 എന്ന നമ്പറിലോ dteitdivision@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
1. എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും
2. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി

Draft #4 of File EA2/2069/23/DTE Approved by Senior Administrative Officer on 20-Nov-2023 12:59 PM - Page 1

Date: 20.11.2023
Reason: Approved

Draft #4 of File EA2/2069/23/DTE Approved by Senior Administrative Officer on 20-Nov-2023 12:59 PM - Page 2

The document is digitally approved. Hence signature is not needed.